LIBRARY ARCHIVES Kerala Legislative Assembly

തീരക്കടലിലെ തോട്ടയിട്ടുള്ള മീൻപിടുത്തം

85 [3672] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്:

ശ്രീമതി രാധാരാഘവൻ:

ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ തോട്ടയിട്ട് മീൻപിടുത്തം നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) തീരക്കടലിൽ തോട്ടയിട്ട് മീൻപിടിക്കുന്നത് അനുവദനീയമാണോ;

(സി) തീരക്കടലിൽ തോട്ടയിട്ട് മീൻപിടിച്ചത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിഴിഞ്ഞം, പനത്തുറ, കോവളം എന്നീ ഭാഗങ്ങളിൽ.

(ബി) അല്ല.

(സി) ഒരു കേസ്.

ട്രോളിംഗ് നിരോധനം പ്രഖ്യാപിക്കുമ്പോൾ പുറംകടലിൽ ലൈസൻസുള്ള വിദേശ കപ്പലുകളുടെ മത്സ്യബന്ധനം

86 [3673] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, കെ. ബാബു:

,, വി. ജെ. പൗലോസ്:

,, എം. മുരളി:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നിലനിൽക്കുമ്പോൾ ലൈസൻസുള്ള വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നതുമൂലം ട്രോളിംഗ് നിരോധനം കൊണ്ടുദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

അറബിക്കടലിലെ വിദേശകപ്പലുകളുടെ മത്സ്യബന്ധനം

87 [3674] ശ്രീ. ഇ. എം. അഗസ്തി:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. മോഹൻകുമാർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ്, വിദേശ കപ്പലുകൾക്കാണോ വിദേശ കമ്പനികൾക്കാണോ ലൈസൻസ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ മത്സ്യബന്ധന ലൈസൻസ് കിട്ടിയ വിദേശ കമ്പനികൾ ലൈസൻസ് ഉപയോഗപ്പെടുത്തി ധാരാളം കപ്പലുകളെ മത്സ്യബന്ധനത്തിന് നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിദേശ കപ്പലുകൾ ഉപയോഗിക്കുന്ന ഇന്ത്യൻ കമ്പനികൾക്കാണ് ലൈസൻസ്.

അറബിക്കടലിലെ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം

88 [3675] ശ്രീ. അടൂർ പ്രകാശ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എം. എ. ചന്ദ്രശേഖരൻ:

,, ജോർജ്ജ് ജെ. മാത്യു:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക്കടലിൽ മത്സ്യബന്ധനം നടത്തുവാൻ ലൈസൻസ് ലഭിക്കുന്ന വിദേശ ട്രോളറുകൾ മൺസൂൺ കാലത്ത് മത്സ്യബന്ധനം നടത്തുന്നതിന് പ്രാധാന്യം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly